# നാലു വർഷ ബിരുദം

## വിദ്യാർത്ഥികൾക്കുള്ള കൈപ്പുസ്തകം

ജൂൺ 2024

**കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ**

തിരുവനന്തപുരം



# നാലുവർഷ ബിരുദ പ്രോഗ്രാം

## വിദ്യാർത്ഥികൾക്കുള്ള കൈപ്പുസ്തകം

**ജൂൺ 2024**

**കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ**

**തിരുവനന്തപുരം**

# നാലുവർഷ ബിരുദ പ്രോഗ്രാം

**വിദ്യാർത്ഥികൾക്കുള്ള കൈപ്പുസ്തകം**

Documentation Division
June 2024

Published by
The Kerala State Higher Education Council
Science and Technology Museum Campus, Vikas Bhavan P.O.
Thiruvananthapuram-695033, Kerala State, India
www.kshec.kerala.gov.in
Phone: 0471- 2301293, Fax: 0471 2301290

All Rights Reserved. Published

# നാലുവർഷ ബിരുദ പ്രോഗ്രാമുകളുടെ പശ്ചാത്തലം

2024-25 അധ്യയന വർഷം മുതൽ കേരളത്തിലെ സർവ്വകലാശാലകളിൽ മൂന്നു വർഷ ബിരുദത്തോടൊപ്പം നാല് വർഷ ഓണേഴ്സ് ബിരുദ പ്രോഗ്രാമുകളും ആരംഭിക്കുകയാണ്. സംസ്ഥാനത്താരംഭിക്കുന്ന നാലുവർഷ ബിരുദ പ്രോഗ്രാമിന്റെ കരിക്കുലം, അത സുഗമമായി നടപ്പിൽ വരുത്താൻ ആവശ്യമായ റെഗുലേഷൻസ് എന്നിവ ഇതിനോടകം രൂപീകരിച്ചിട്ടുണ്ട്. നിലവിൽ സർവ്വകലാശാല പഠന ബോർഡുകൾ പുതിയ കരിക്കുലം ആവശ്യപ്പെടുന്ന രീതിയിലുള്ള കോഴ്സുകൾ വികസിപ്പിച്ചിട്ടുണ്ട്.

ഈയവസരത്തിൽ എന്താണ് നാലുവർഷ ബിരുദ പ്രോഗ്രാമെന്നും അതിന്റെ സാദ്ധ്യതകളും പ്രത്യേകതകളും എന്തെല്ലാമെന്നും വിശദമായി മനസ്സിലാക്കേണ്ടത് അത്യാവശ്യമാണ്.

സംസ്ഥാനത്തെ ഒരു ജനപക്ഷ വൈജ്ഞാനിക സമൂഹമായി പരിവർത്തനം ചെയ്യാനും ഉന്നത വിദ്യാഭ്യാസ മേഖലയിലെ ഗ്ലോബൽ ഹബ്ബ് ആക്കി മാറ്റാനുമാണ് സംസ്ഥാന സർക്കാർ ലക്ഷ്യമിടുന്നത്. ഒരു വൈജ്ഞാനിക സമൂഹം സൃഷ്ടിച്ചെടുക്കണമെങ്കിൽ ജ്ഞാനോല്പാദനത്തിനാവശ്യമായ കഴിവുകൾ ആ സമൂഹത്തിന്റെ ഭാഗമാക്കി മാറ്റണം. ഏറ്റവും ആധുനികമായ അറിവും ലഭ്യമായ അറിവുപയോഗിച്ച് പുതിയ അറിവ് കണ്ടെത്താനുള്ള പരിശീലനവും ലഭിച്ച ഒരു സമൂഹത്തിന് മാത്രമേ വിജ്ഞാനസമൂഹമായി പരിവർത്തനം ചെയ്യാൻ കഴിയൂ. കേരളത്തിലെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്ക് രാജ്യത്തിനകത്തു നിന്നും പുറത്തുനിന്നുമുള്ള വിദ്യാർത്ഥികളെ ആകർഷിക്കാൻ സാധിക്കണമെങ്കിൽ നമ്മുടെ കരിക്കുലം അന്താരാഷ്ട്ര തലത്തിലുള്ള കരിക്കുലവുമായി സാമ്യമുള്ളതാവണം. നമ്മുടെ സ്ഥാപനത്തിൽ നിന്നുള്ള കോഴ്സുകൾ അന്താരാഷ്ട്ര തലത്തിൽ അംഗീകാരവും കോഴ്സ് ക്രെഡിറ്റുകൾ പരസ്പരം കൈമാറാൻ സാദ്ധ്യതകളുള്ളതുമാവണം. ലോകത്തെ മികച്ച സർവ്വകലാശാലകളിലെല്ലാം ബിരുദ പഠനം നാലുവർഷമാണെന്നതും ഈ സാഹചര്യത്തിൽ നമ്മൾ കാണേണ്ടതുണ്ട്. ഈയൊരു പശ്ചാത്തലത്തിലാണ് കേരളത്തിലെ ഉന്നത വിദ്യാഭ്യാസ മേഖലയിൽ വരുത്തേണ്ട മാറ്റങ്ങളെപ്പറ്റി പഠിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കാൻ സംസ്ഥാന സർക്കാർ മൂന്ന് കമ്മീഷനുകളെ നിയോഗിച്ചത്.

ഈ കമ്മീഷനുകളിൽ പ്രൊഫ. ശ്യാം ബി മേനോൻ അദ്ധ്യക്ഷനായ ഉന്നത വിദ്യാഭ്യാസ പരിഷ്ക്കരണ കമ്മീഷൻ സംസ്ഥാനത്തെ ബിരുദ കരിക്കുലം സമഗ്രമായി പരിഷ്കരിക്കണമെന്നും വിദ്യാർത്ഥികൾക്ക് ഇഷ്ടമുള്ള വിഷയങ്ങളും

കോമ്പിനേഷനുമെടുത്ത് പഠിക്കാനും ക്രെഡിറ്റുകൾ കൈമാറ്റം ചെയ്യാനും കഴിയുന്ന, അന്തർ സർവ്വകലാശാലാ മാറ്റം സാധ്യമാകുന്ന രീതിയിൽ നാലുവർഷ ബിരുദ പ്രോഗ്രാമുകൾ ആരംഭിക്കണമെന്നും നിർദ്ദേശിച്ചു.

ഇതിനെത്തുടർന്നു സംസ്ഥാന സർക്കാർ നിയോഗിച്ച പ്രൊഫ. സുരേഷ് ദാസ് അദ്ധ്യക്ഷനായ കരിക്കുലം കമ്മിറ്റി ഒരു മോഡൽ കരിക്കുലം ഫ്രെയിംവർക്ക് രൂപീകരിച്ചു സർവ്വകലാശാലകൾക്ക് കൈമാറി. ഈ കരിക്കുലം ഫ്രെയിംവർക്കാണ് നിലവിൽ കേരളത്തിലെ സർവ്വകലാശാലകൾ നടപ്പിലാക്കുന്നത്.

**അന്താരാഷ്ട്ര ക്രെഡിറ്റ് ട്രാൻസ്ഫർ സംവിധാനങ്ങളുമായുള്ള തുല്യത**

പൂർണ്ണമായും ക്രെഡിറ്റ് അടിസ്ഥാനമാക്കി ഓരോ വിദ്യാർത്ഥിക്കും സ്വന്തം അഭിരുചികളും ലക്ഷ്യങ്ങളും അനുസരിച്ച് അക്കാദമിക് അഡ്വൈസറുടെ സഹായത്തോടെ സ്വന്തം കഴിവുകൾ വികസിപ്പിക്കാനും പ്രൊഫഷണൽ ലക്ഷ്യങ്ങൾക്ക് സഹായകരമാവും വിധം വിവിധ വിഷയങ്ങളുടെ കോമ്പിനേഷൻ തെരഞ്ഞെടുത്ത് തന്റെ ബിരുദ ഘടന രൂപകല്പന ചെയ്യാനും കഴിയുന്ന തരത്തിലാണ് പ്രൊഫ. സുരേഷ് ദാസ് അദ്ധ്യക്ഷനായ കരിക്കുലം കമ്മിറ്റി നാലുവർഷ ബിരുദ പ്രോഗ്രാമുകളുടെ കരിക്കുലം രൂപകല്പന ചെയ്തിരിക്കുന്നത്.

ഒരു വിദ്യാർത്ഥി ഒരു വിഷയത്തിൽ ചിലവഴിക്കേണ്ട സമയത്തിന്റെ അടിസ്ഥാനത്തിലാണ് ക്രെഡിറ്റ് നിശ്ചയിച്ചിരിക്കുന്നത്. ഒരു ക്രെഡിറ്റ് നേടാൻ ഒരു വിദ്യാർത്ഥി ഒരു സെമസ്റ്ററിൽ 45 മണിക്കൂർ വീതം പഠന പ്രവർത്തനങ്ങൾക്കായി ചിലവഴിക്കേണ്ടിവരുന്ന വിധത്തിലാണ് പുതിയ കരിക്കുലം തയ്യാറാക്കിയിട്ടുള്ളത്.

ഇത്തരത്തിൽ ക്രെഡിറ്റിനെ വ്യക്തമായി നിർവചിച്ചിരിക്കുന്നത് കൊണ്ടുതന്നെ ലോകത്തെ പ്രധാനപ്പെട്ട ക്രെഡിറ്റ് ട്രാൻസ്ഫർ സംവിധാനങ്ങളായ യൂറോപ്യൻ ക്രെഡിറ്റ് ട്രാൻസ്ഫർ സിസ്റ്റം (ECTS) ആയിട്ടും അമേരിക്കൻ ക്രെഡിറ്റ് ട്രാൻസ്ഫർ സംവിധാനമായിട്ടും ക്രെഡിറ്റ് കൈമാറ്റം ചെയ്യാവുന്ന ഒരു ഫോർമാറ്റിലേക്ക് നമ്മുടെ ക്രെഡിറ്റ് സംവിധാനവും പരിവർത്തനം ചെയ്യപ്പെടുകയും അതുവഴി നമ്മുടെ ബിരുദങ്ങൾക്കും ഇന്റർ നാഷണൽ കോമ്പാറ്റബിലിറ്റി നേടാൻ ഈ സംവിധാനം സഹായകരമാവുകയും ചെയ്യുന്നു.

**നാലുവർഷ ബിരുദത്തിന്റെ സവിശേഷതകൾ**

സംസ്ഥാനത്ത് നടപ്പിലാക്കുന്ന നാലുവർഷ ബിരുദം നിലവിലെ ബിരുദ പഠനത്തെ ഒരു വർഷം കൂടി ദീർഘിപ്പിക്കുക എന്നല്ല ഉദ്ദേശിക്കുന്നത്. മറിച്ച് വിദ്യാർത്ഥികൾക്ക് അവരുടെ ആവശ്യം, താല്പര്യം എന്നിവ പരിഗണിച്ചു ഉചിതമായ ബിരുദം തെരഞ്ഞെടുക്കാനും, ബിരുദ കോമ്പിനേഷനുകൾ താല്പര്യാനുസരണം കണ്ടെത്തി ബിരുദം സ്വയം ഡിസൈൻ ചെയ്യാനുമുള്ള സ്വാതന്ത്ര്യം നൽകിക്കൊണ്ട് നിലവിലെ ബിരുദ പഠന രീതിയെത്തന്നെ ആകെ മാറ്റുകയാണ് ചെയ്യുന്നത്.

പുതിയ നാലുവർഷ ബിരുദ പ്രോഗ്രാമിന്റെ ഭാഗമായി മൂന്ന് വർഷ ബിരുദ പ്രോഗ്രാം ഉൾച്ചേർന്നിരിക്കുന്നു. നാലുവർഷ ബിരുദ പ്രോഗ്രാമിന് ചേരുന്ന ഏതൊരു വിദ്യാർത്ഥിക്കും മൂന്നുവർഷത്തിനകം 133 ക്രെഡിറ്റ് ആർജിച്ചാൽ ബിരുദം നേടി പുറത്തിറങ്ങാനും തുടർ പഠനത്തിനായി 2 വർഷ പിജി പഠനത്തിന് ചേരാനുള്ള സാധ്യതകൾ പഴയ പോലെ തന്നെ മാറ്റമില്ലാതെ തുടരുകയും ചെയ്യും.

ബിരുദ പ്രോഗ്രാമിലേയ്ക്ക് കടന്നുവരുന്ന ഓരോ വിദ്യാർത്ഥിയും വ്യത്യസ്തനാണെന്നും ഓരോരുത്തർക്കും വ്യത്യസ്തമായ ഉദ്ദേശലക്ഷ്യങ്ങൾ ഉണ്ടാവുമെന്നുമുള്ള യാഥാർത്ഥ്യം ഉൾക്കൊണ്ടുകൊണ്ട് ഓരോരുത്തരുടെയും പ്രതീക്ഷകളെ ഉൾക്കൊള്ളാൻ പറ്റുന്ന തരത്തിലാണ് കേരളത്തിലെ നാലുവർഷ ബിരുദ പ്രോഗ്രാമിന്റെ കരിക്കുലം രൂപ കല്പന ചെയ്തിരിക്കുന്നത്.

ബിരുദത്തിന് വരുന്ന വിദ്യാർത്ഥികളിൽ കുറേയധികം പേർ ബിരുദ പഠനത്തെ ഉപരിപഠനത്തിനുള്ള തയ്യാറെടുപ്പിനുള്ള ഒരു പ്രോഗ്രാം എന്ന നിലയിലാണ് സമീപിക്കുന്നത്. പി.ജി ചെയ്യാനും ഗവേഷണം ചെയ്യാനും താല്പര്യമുള്ള വിദ്യാർത്ഥികൾ ഇതിലുണ്ടാകും. അവരുടെ താല്പര്യങ്ങൾ പുതിയ കരിക്കുലത്തിൽ പരിഗണിക്കപ്പെട്ടിട്ടുണ്ട്. കുറച്ചു വിദ്യാർത്ഥികൾ ബിരുദ പഠനത്തെ കൂടുതൽ മികച്ച തൊഴിൽ അവസരങ്ങൾ നേടാനും അതിനുള്ള തയ്യാറെടുപ്പുകൾക്കുമായി ഉപയോഗിക്കാനായിരിക്കും താല്പര്യപ്പെടുക. നിലവിലുള്ള കരിക്കുലത്തിൽ എല്ലാ വിഭാഗം വിദ്യാർത്ഥികൾക്കും ഒരേ വഴിയാണ് അവരുടെ ബിരുദ പഠനത്തിനായി തെരഞ്ഞെടുക്കേണ്ടി വരുന്നത്. എന്നാൽ പുതിയ കരിക്കുലത്തിൽ അവരുടെ അഭിരുചി പ്രകാരമുള്ള വഴികൾ (pathways) തെരഞ്ഞെടുക്കാം.

ബിരുദത്തിന് ശേഷം പി.ജി പഠനമാണ് വിദ്യാർത്ഥികൾ ഉദ്ദേശിക്കുന്നതെങ്കിൽ മൂന്നു വർഷ ബിരുദം നേടി രണ്ടു വർഷ പി.ജി പഠനത്തിന് പോകാൻ സാധിക്കും. എന്നാൽ ബിരുദാനന്തര ബിരുദത്തിന് ശേഷം ഗവേഷണ ബിരുദ നേടാൻ താൽപര്യമുള്ള വിദ്യാർത്ഥികളാണെങ്കിൽ അവർക്ക് മൂന്നാം വർഷത്തിന് ശേഷം നാലുവർഷ ഓണേഴ്സ് വിത്ത് റിസർച്ച് ബിരുദം നേടി നേരിട്ട് ഗവേഷണ ബിരുദത്തിന് ചേരാനുള്ള അർഹത ഉണ്ടാവും. എന്നാൽ ബിരുദത്തിന് ശേഷം നേരിട്ട് തൊഴിൽ മേഖലയിൽ പ്രവേശിക്കാനോ സ്വയം തൊഴിൽ കണ്ടെത്താനോ ശ്രമിക്കുന്നവർക്ക് അവരുടെ താൽപര്യമുള്ള തൊഴിൽ മേഖലയിലേക്കാവശ്യമായ അറിവും പ്രായോഗിക പരിശീലനവും നൈപുണ്യ വികസനവും നേടുന്നതിനായി മൂന്നു വർഷ പഠനത്തിനുശേഷം നാലാം വർഷം ഓണേഴ്സ് ബിരുദം തെരഞ്ഞെടുക്കാം. ഇത്തരത്തിൽ ഓണേഴ്സ്/ ഓണേഴ്സ് വിത്ത് റിസർച്ച് ബിരുദം നേടിയവർക്ക് ഒരു വർഷത്തെ പഠനം കൊണ്ട് പി.ജി പഠനം പൂർത്തിയാക്കാനും കഴിയും. നെറ്റ് പരീക്ഷ എഴുതാനും നാലുവർഷ ഓണേഴ്സ്/ഓണേഴ്സ് വിത്ത് റിസർച്ച് ബിരുദം നേടിയവർക്ക് സാധിക്കും.

ഇത്തരത്തിൽ സംസ്ഥാനത്ത് മൂന്നു തലത്തിലുള്ള ബിരുദ പ്രോഗ്രാം നിലവിൽ വരുന്നതിനോടൊപ്പം തന്നെ ബിരുദ പ്രോഗ്രാമുകളുടെ ഘടനയും ഉള്ളടക്കവും പൂർണ്ണമായ രീതിയിൽ നവീകരിച്ചിട്ടുമുണ്ട്.

**നാലു വർഷ ബിരുദത്തിന്റെ കരിക്കുലം ഘടന**

സംസ്ഥാനത്ത് നിലവിലുള്ള ബിരുദ പ്രോഗ്രാമുകളുടെ പൊതു ഘടന ഇംഗ്ലീഷ്, രണ്ടാം ഭാഷ, കോർ വിഷയം, കോപ്ലിമെന്ററി വിഷയങ്ങൾ എന്നീ വിധത്തിലാണ് ക്രമീകരിച്ചിരിക്കുന്നത്. ഓരോ കോളേജിലുമുള്ള വിദ്യാർത്ഥികൾ പഠിക്കുന്ന വിഷയങ്ങൾ ഏതെല്ലാമാണെന്നു മുൻകൂട്ടി കോളേജുകൾ/സർവ്വകലാശാലകളാണ് തീരുമാനിച്ചിരുന്നത്. ഈ രീതി പൂർണ്ണമായും പുതിയ കരിക്കുലം നിലവിൽ വരുന്നതോടെ മാറും.

പുതിയ കരിക്കുലം പ്രകാരം ബിരുദ പ്രോഗ്രാമുകളിൽ പ്രധാനമായും രണ്ടു വിഭാഗത്തിൽപ്പെട്ട കോഴ്സുകളാവും ഉണ്ടാവുക - ഫൗണ്ടേഷൻ കോഴ്സുകളും, വിഷയാധിഷ്ഠിത പാത് വേ കോഴ്സുകളും. വിവിധ വിഷയ മേഖലകളിൽ അടിസ്ഥാനപരമായ അറിവ് നൽകാൻ ഉദ്ദേശിച്ചിട്ടുള്ള കോഴ്സുകളാണ് ഫൗണ്ടേഷൻ കോഴ്സുകൾ. എല്ലാ വിദ്യാർത്ഥികളും നിശ്ചിത ഫൗണ്ടേഷൻ കോഴ്സുകൾ

പൂർത്തിയാക്കിയിരിക്കണം. ലിംഗനീതി, ഭരണഘടന, പൊതുവിജ്ഞാനം, മൂല്യവർദ്ധിത കോഴ്സുകൾ, നൈപുണ്യ വികസന കോഴ്സുകൾ, മൾട്ടിഡിസിപ്ലിനറി കോഴ്സുകൾ എന്നിവ ഫൗണ്ടേഷൻ കോഴ്സുകളിൽ ഉൾപ്പെടുന്നു. ഫൗണ്ടേഷന് തെരഞ്ഞെടുത്ത വിഷയ മേഖലയിൽ ആഴത്തിലുള്ള അറിവ് നേടാൻ ഉദ്ദേശിച്ചിട്ടുള്ള കോഴ്സുകളാണ് പാത് വേ കോഴ്സുകൾ, ഓരോ പ്രോഗ്രാമിന്റെയും പാത് വേ കോഴ്സുകൾ ലെവൽ 100, ലെവൽ 200, ലെവൽ 300, ലെവൽ 400 എന്നിങ്ങനെ നാലുതലത്തിലുള്ള നാലു കോഴ്സ് ബാസ്കറ്റുകളിലായി സർവ്വകലാശാലകൾ ക്രമീകരിക്കും. ഓരോ തലത്തിലുമുള്ള പാത് വേ കോഴ്സ് ബാസ്കറ്റുകളിൽ ഓരോന്നിലും ഡിസിപ്ലിൻ സ്പെസിഫിക് കോർ കോഴ്സുകളും ഡിസിപ്ലിൻ സ്പെസിഫിക് ഇലക്ടീവ് കോഴ്സുകളും ഉണ്ടായിരിക്കും. ഓരോ വിഷയത്തിലും മേജർ/ മൈനർ ഡിഗ്രി നേടാൻ ഓരോ തലത്തിലുമുള്ള പാത് വേ കോഴ്സ് ബാസ്കറ്റുകളിൽ നിന്നും എടുക്കേണ്ട കോർ കോഴ്സുകളുടെയും ഇലക്ടീവ് കോഴ്സുകളുടെയും ആകെ ക്രെഡിറ്റ് സർവ്വകലാശാലകൾ നിർണ്ണയിച്ചിട്ടുണ്ട്. വിദ്യാർത്ഥികൾക്ക് അവരുടെ താൽപര്യ പ്രകാരം ഈ കോഴ്സ് ബാസ്കറ്റുകളിൽ നിന്നും ആവശ്യമുള്ള ക്രെഡിറ്റുകൾ തെരഞ്ഞെടുത്ത് തങ്ങളുടെ ഡിഗ്രി സ്വയം രൂപകല്പന ചെയ്യാൻ സാധിക്കും. വിദ്യാർത്ഥികൾ ഇത്തരത്തിൽ ഓരോ വിഷയത്തിലും ഓരോ തലത്തിലും ആർജിക്കുന്ന ആകെ ക്രെഡിറ്റുകളുടെ അടിസ്ഥാനത്തിലാണ് ആ വിഷയങ്ങളിൽ മേജർ, മൈനർ ഡിഗ്രികൾക്കുള്ള അർഹത നേടുന്നത്. അതായത് ഒരു പ്രോഗ്രാമിൽ മേജർ അല്ലെങ്കിൽ മൈനർ നേടാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾക്ക് ആ പ്രോഗ്രാമിന്റെ കോഴ്സ് ബാസ്കറ്റുകളിൽ നിന്ന് ഒരേ കോഴ്സുകൾ പഠിക്കാവുന്നതാണ്. ഓരോ വിഷയത്തിലും അവർ വിവിധ തലത്തിൽ ആർജിച്ച ക്രെഡിറ്റുകളുടെ അടിസ്ഥാനത്തിലാണ് ആ വിഷയത്തിലെ മേജർ അല്ലെങ്കിൽ മൈനർ ഡിഗ്രിക്കുള്ള അർഹത തീരുമാനിക്കുന്നത്.

**നാലുവർഷ ബിരുദ പ്രോഗ്രാമുകളിലേക്കുള്ള പ്രവേശനം**

ഓരോ കോളേജുകളും നിലവിൽ അവർക്ക് അഡ്മിഷൻ നടത്താൻ സർവ്വകലാശാല അനുമതി നൽകിയിട്ടുള്ള മേജർ പ്രോഗ്രാമുകളിലേക്ക് വിദ്യാർത്ഥികളെ പ്രവേശിപ്പിക്കും. വിദ്യാർത്ഥികൾ ഈ വർഷം മുതൽ ഇത്തരത്തിൽ അവർക്ക് ഏറ്റവും താല്പര്യമുള്ള കോളേജുകളിൽ താല്പര്യമുള്ള മേജർ പ്രോഗ്രാമുകളിൽ അഡ്മിഷനെടുക്കണം.



**നാലുവർഷ ബിരുദ പ്രോഗ്രാമിന് പ്രവേശനം നേടിയ വിദ്യാർത്ഥികൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ**

സർവ്വകലാശാലകളും കോളേജുകളും അഡ്മിഷൻ നൽകുന്നത് അതാത് കോളേജുകളിൽ ലഭ്യമായ മേജർ വിഷയങ്ങളിലേയ്ക്കായിരിക്കും. അതുകൊണ്ട് വിദ്യാർത്ഥികൾ അവർക്ക് താൽപര്യമുള്ള മേജർ വിഷയങ്ങൾ ലഭ്യമായ സ്ഥാപനങ്ങളിലേയ്ക്ക് അപേക്ഷ സമർപ്പിക്കുകയും താൽപര്യമുള്ള മേജർ വിഷയത്തിലേക്ക് അഡ്മിഷൻ നേടുകയും ചെയ്യണം. ഓരോ കോളേജും തങ്ങളുടെ കോളേജിൽ പ്രവേശനം നേടുന്ന വിദ്യാർത്ഥികൾക്ക് ആ കോളേജിൽ നിന്ന് തെരഞ്ഞെടുക്കാൻ കഴിയുന്ന മൈനർ വിഷയങ്ങളുടെ ഒരു പട്ടിക പ്രസിദ്ധീകരിക്കും. അഡ്മിഷൻ നേടുന്ന സമയത്ത് വിദ്യാർത്ഥികൾ പ്രസ്തുത പട്ടിക പരിശോധിച്ച് താല്പര്യമുള്ള മൈനർ വിഷയങ്ങൾ ആ കോളേജിൽ ലഭ്യമാണോ എന്നു ഉറപ്പാക്കേണ്ടതാണ്. എല്ലാ വകുപ്പുകളും ആ വകുപ്പുകളിൽ മേജർ വിഷയം പഠിക്കുന്ന വിദ്യാർത്ഥികൾക്ക് തെരഞ്ഞെടുക്കാവുന്ന മേജർ വിഷയത്തോട് ചേർന്ന് നിൽക്കുന്നതും, അല്ലാത്തതുമായ മൈനർ വിഷയങ്ങളുടെ സർവ്വകലാശാലാ തലത്തിൽ ലഭ്യമായ പട്ടിക വിദ്യാർത്ഥികൾക്കു താൽപര്യമുള്ള മൈനർ വിഷയങ്ങൾ (തയ്യാറാക്കി പ്രസിദ്ധീകരിക്കും). അഡ്മിഷൻ നേടിയ കോളേജിൽ ഇല്ലെങ്കിൽ അത് മറ്റു കോളേജുകളിൽ നിന്നോ ഓൺലൈൻ പഠന രീതിയിലോ പൂർത്തീകരിക്കാനുള്ള സാദ്ധ്യത വിദ്യാർത്ഥികൾക്ക് തേടാവുന്നതാണ്.

കോളേജിൽ അഡ്മിഷൻ നേടുന്ന വിദ്യാർത്ഥികൾക്ക് വകുപ്പ് മേധാവി/ വകുപ്പ് തല നാലുവർഷ ബിരുദ കോർഡിനേറ്റർ ആ കോളേജിൽ ലഭ്യമായ മൈനർ വിഷയങ്ങൾ, മേജർ വിഷയത്തോട് ചേർന്ന് നിൽക്കുന്നതും അല്ലാത്തതുമായ മൈനർ വിഷയങ്ങളുടെ സർവ്വകലാശാലാ തലത്തിൽ ലഭ്യമായ പട്ടിക വകുപ്പ് തലത്തിൽ ലഭിക്കുന്നതിന്, വിദ്യാർത്ഥികൾ തങ്ങളുടെ അക്കാദമിക് അഡ്വൈസറെ സന്ദർശിക്കേണ്ടതും നാലുവർഷ ബിരുദ പ്രോഗ്രാമുകളെക്കുറിച്ചുള്ള കൂടുതൽ വിശദാംശങ്ങൾ ചോദിച്ചു മനസ്സിലാക്കേണ്ടതുമാണ്.

ക്ലാസ് ആരംഭിച്ച് ആദ്യ ദിവസങ്ങളിൽ വിദ്യാർത്ഥികൾക്കായി കോളേജ് തലത്തിൽ വിശദമായ ഓറിയന്റേഷൻ പ്രോഗ്രാം സംഘടിപ്പിക്കും. ഇതുവഴി വിദ്യാർത്ഥികൾക്ക് നാലുവർഷ ബിരുദ പദ്ധതി പ്രകാരം അവരുടെ പഠന പ്രവർത്തനങ്ങൾ എങ്ങനെയാണ് ചിട്ടപ്പെടുത്തേണ്ടത് എന്നതിനെക്കുറിച്ചുള്ള വിശദമായ മാർഗ്ഗ നിർദ്ദേശങ്ങൾ ഓരോ കോളേജുകളും ലഭ്യമാക്കും.

നാലുവർഷ ബിരുദ പദ്ധതി പ്രകാരം വിദ്യാർത്ഥികൾ മൂന്നു വർഷം കൊണ്ട് 133 ക്രെഡിറ്റും 4 വർഷം കൊണ്ട് 177 ക്രെഡിറ്റുമാണ് ആർജ്ജിക്കേണ്ടത്. നാലുവർഷ ബിരുദത്തിന് ചേരുന്ന ഓരോ വിദ്യാർത്ഥിയും ജനറൽ ഫൗണ്ടേഷൻ കോഴ്സുകളുടെ ഭാഗമായി ലാംഗ്വേജ് എബിലിറ്റി കോഴ്സുകൾ (AEC), ബഹു വൈജ്ഞാനിക കോഴ്സുകൾ (MDC), വാല്യു അഡ്മിഷൻ കോഴ്സുകൾ (VAC), നൈപുണ്യ വികസന കോഴ്സുകൾ (SEC) എന്നിവയിൽ നിശ്ചിത ക്രെഡിറ്റുകൾ ആർജ്ജിക്കേണ്ടതായിട്ടുണ്ട്. ഇംഗ്ലീഷിന് പുറമെ താൽപര്യമുള്ള മറ്റ് ഭാഷാ വിഷയങ്ങളിലുമായി AEC കോഴ്സുകൾ പൂർത്തീകരിക്കണം. ഇപ്രകാരം, ആകെ 12 ക്രെഡിറ്റുകളാണ് AEC കോഴ്സുകളിൽ ആകെ ആർജ്ജിക്കേണ്ടത്. വാല്യു അഡിഷൻ കോഴ്സുകളുടെ ഭാഗമായി ഡിജിറ്റൽ സാക്ഷരത, സംരംഭകത്വം, സുസ്ഥിരത, ജനാധിപത്യം, പൗരബോധം, ജെൻഡർ അവബോധം, സമഭാവന, മത നിരപേക്ഷത, ശാസ്ത്രബോധം തുടങ്ങിയവ വളർത്തുന്നതിന് സഹായകരമായ 3 കോഴ്സുകളിൽ നിന്ന് 19 ക്രെഡിറ്റ് ആർജ്ജിക്കുകയും വേണം.

ഇത്തരത്തിൽ നാലുവർഷ ബിരുദ പ്രോഗ്രാമിന്റെ ക്രെഡിറ്റ് ഘടന അനുബന്ധമായി കൊടുത്ത പട്ടികയിൽ വിശദമാക്കിയിട്ടുണ്ട്.

**അക്കാദമിക് പാതകൾ തെരഞ്ഞെടുക്കേണ്ടതെങ്ങനെ?**

മൂന്നു വർഷ ബിരുദമാണെങ്കിലും നാലുവർഷ ഓണേഴ്സ്/ ഓണേഴ്സ് വിത്ത് റിസർച്ച് ബിരുദമാണെങ്കിലും ഈ ബിരുദങ്ങൾ ഓരോന്നും സ്വന്തം താൽപര്യമനുസരിച്ച് രൂപകൽപന ചെയ്യാൻ പറ്റുന്ന തരത്തിലുള്ള വഴക്കം (ഫ്ളെക്സിബിലിറ്റി) പുതിയ കരിക്കുലം മുൻപോട്ടുവെക്കുന്നുണ്ട്.

കരിക്കുലം ഘടനയനുസരിച്ച് മൂന്നു വർഷ ബിരുദത്തിന് 133 ക്രെഡിറ്റാണ് പൂർത്തീകരിക്കേണ്ടത്. ഇതിൽ 39 ക്രെഡിറ്റുകൾ (ഏകദേശം 30%) ജനറൽ ഫൗണ്ടേഷൻ കോഴ്സുകളാണ്. ഇതു എല്ലാ വിദ്യാർത്ഥികളും പൂർത്തീകരിക്കേണ്ടതാണ്.

ബാക്കിയുള്ള 70% ക്രെഡിറ്റുകൾ വിദ്യാർത്ഥികൾ ആഴത്തിലുള്ള പഠനത്തിനായുള്ള വിവിധ തലത്തിലുള്ള പാത് വേ കോഴ്സുകളിൽ നിന്നുമാണ് ആർജ്ജിക്കേണ്ടത്. പാത് വേ കോഴ്സുകൾ ലെവൽ 100,ലെവൽ 200, ലെവൽ 300, ലെവൽ 400 എന്നീ കോഴ്സ് ബാസ്കറ്റുകളിലായി സർവ്വകലാശാല ക്രമീകരിച്ചിരിക്കും. ഓരോ കോഴ്സ് ബാസ്കറ്റുകളിൽ നിന്നും പൂർത്തിയാക്കേണ്ട മിനിമം ക്രെഡിറ്റ് എത്രയെന്ന് ഇതിന്റെ അനുബന്ധമായി കൊടുത്ത പട്ടികയിൽ വിശദമാക്കിയിട്ടുണ്ട്.

മൂന്നു വർഷ ബിരുദം പൂർത്തിയാക്കുന്നതിന് പാത് വേ കോഴ്സുകളിൽ നിന്നും 92 ക്രെഡിറ്റ് നേടിയിരിക്കണം. അഥവാ വിവിധ കോഴ്സ് ബാസ്കറ്റുകളിൽ നിന്നായി 23 പാത് വേ കോഴ്സുകൾ പൂർത്തീകരിച്ചിരിക്കണം.

ഒരു വിദ്യാർത്ഥി മേജർ പാത് വേയോടൊപ്പം മൈനർ പാത് വേകളും ബിരുദ പഠനത്തിനായി സ്വീകരിക്കാൻ ആഗ്രഹിക്കുന്നെങ്കിൽ ബിരുദം നേടാൻ ആവശ്യമുള്ള ആകെ ക്രെഡിറ്റിൽ 50% ക്രെഡിറ്റും മേജർ നേടാൻ ഉദ്ദേശിക്കുന്ന വിഷയത്തിലെ വിവിധ തലത്തിൽ ഉള്ള പാത് വേ കോഴ്സുകളിൽ നിന്നുമാണ് ആർജ്ജിക്കേണ്ടത്. പരമാവധി 20% ക്രെഡിറ്റുകൾ ഈ സാഹചര്യത്തിൽ മൈനർ വിഷയങ്ങളുടെ പഠനത്തിനായി വിനിയോഗിക്കാനും സാധിക്കും.

സംസ്ഥാനം മുൻപോട്ട് വെച്ച പൊതു കരിക്കുലം ഘടന പ്രകാരം മേജർ മൈനർ പാത് വേയിൽ മൂന്നു വർഷ ബിരുദത്തിൽ ഒരു വിഷയത്തിൽ മേജർ നേടുന്നതിന് ആ വിഷയത്തിലെ വിവിധ തലത്തിലുള്ള 17 പാത് വേ കോഴ്സുകളിൽ നിന്നായി 68 ക്രെഡിറ്റ് പൂർത്തീകരിക്കണം. മേജർ വിഷയത്തിന് പുറത്തു താൽപര്യമുള്ള

വിഷയങ്ങളുടെ 6 പാത് വേ കോഴ്സുകളിൽ നിന്നായി 24 ക്രെഡിറ്റും പൂർത്തീകരിച്ചിരിക്കണം.

ഇത്തരത്തിൽ പൂർത്തിയാക്കേണ്ട 24 ക്രെഡിറ്റുകളിൽ 12 ക്രെഡിറ്റെങ്കിലും മേജർ വിഷയത്തിന് പുറത്തുള്ള, താൽപര്യമുള്ള ഒരു വിഷയത്തിൽ നിന്ന് ആർജ്ജിക്കുമ്പോൾ മേജർ പാത് വേയോടൊപ്പംമൈനർ പാത് വേ കൂടി ഉണ്ടാകും. ഇത്തരത്തിൽ ഓരോ വിഷയത്തിലും പാത് വേ കോഴ്സ് വഴി ചുരുങ്ങിയത് 12 ക്രെഡിറ്റ് ആർജ്ജിക്കുമ്പോൾ ആ വിഷയത്തിൽ ഒരു മൈനർ പാത് വേ വിദ്യാർത്ഥികൾക്ക് ആരംഭിക്കാൻ സാധിക്കും. 3 വർഷ ബിരുദത്തിൽ ചുരുങ്ങിയത് 2 മൈനർ മൈനർ പാത്വേകളും നാലുവർഷ ഓണേഴ്സ് ബിരുദം നേടുന്നവർക്ക് ചുരുങ്ങിയത് 3 മൈനർ മൈനർ പാത് വേകളും ഇത്തരത്തിൽ ആരംഭിക്കാൻ സാധിക്കും.

നാലുവർഷ ബിരുദ പ്രോഗ്രാം മുൻപോട്ട് വെക്കുന്ന കരിക്കുലം പ്രകാരം താൽപര്യമുള്ള മൈനർ വിഷയങ്ങൾ തെരഞ്ഞെടുക്കാൻ ഓരോ വിദ്യാർത്ഥിക്കും സാധിക്കും. ഈ തെരഞ്ഞെടുപ്പിനനുസരിച്ച് വിദ്യാർത്ഥികളുടെ ഡിഗ്രിയുടെ ഘടനയിലും മാറ്റങ്ങൾ ഉണ്ടാവും. അതായത്, ഒരേ വിഷയത്തിൽ മേജർ ചെയ്യുന്ന വിദ്യാർത്ഥികൾക്ക് വ്യത്യസ്തമായ മൈനർ പാത് വേകൾ സ്വീകരിക്കാൻ കഴിയും.

**സിംഗിൾമേജർ പാത് വേ**

ബിരുദ പഠനത്തിന് ചേരുന്ന എല്ലാ വിദ്യാർത്ഥികളും ആദ്യ രണ്ടു സെമസ്റ്ററുകളിൽ അവർ പ്രവേശനം നേടിയ വിഷയത്തിൽ നിന്ന് ചുരുങ്ങിയത് 2 പാത് വേ കോഴ്സുകളും പ്രവേശനം നേടിയ വിഷയത്തിന് പുറത്തുള്ള മറ്റ് വിഷയങ്ങളിൽ നിന്ന് പരമാവധി 4 പാത് വേ കോഴ്സുകളും പൂർത്തീകരിച്ചിരിക്കും. ഒരു വിദ്യാർത്ഥി സ്വന്തം ബിരുദത്തിന്റെ പാത് വേ തെരഞ്ഞെടുക്കുന്നത് രണ്ടു സെമസ്റ്ററുകൾക്ക് ശേഷമാണ്. രണ്ട് സെമസ്റ്ററുകൾക്ക് ശേഷം മേജർ വിഷയത്തോടൊപ്പം മൈനർ വിഷയങ്ങൾ തുടർന്ന് പഠിക്കാൻ താൽപര്യമില്ലാത്ത വിദ്യാർത്ഥികൾക്ക് മൈനർ പഠനത്തിനായി അവശേഷിക്കുന്ന 2 പാത് വേ കോഴ്സുകൾ മേജർ വിഷയത്തിലെ ലെവൽ 300 തലത്തിൽ ഉള്ള എലക്ടീവ്/സിഗ്നേച്ചർ കോഴ്സുകൾ പഠിക്കുന്നതിനോ പുതിയ വിഷയങ്ങൾ പരിചയപ്പെടുന്നതിനോ വിനിയോഗിക്കാവുന്നതാണ്. മൈനർ വിഷയങ്ങൾക്കായി ലഭ്യമായ കോഴ്സുകൾ പൂർത്തീകരിക്കുമ്പോൾ ഒരു വിഷയത്തിൽ ചുരുങ്ങിയത് 12 ക്രെഡിറ്റുകൾ ലഭിക്കാത്ത രീതിയിൽ വിവിധ വിഷയങ്ങളിൽ നിന്ന് 6 കോഴ്സുകൾ പൂർത്തീകരിച്ചാൽ സിംഗിൾ മേജർ ബിരുദം ലഭിക്കും. ഒരു വിഷയത്തിലും

മൈനർ നേടാൻ താൽപര്യമില്ലാത്ത വിദ്യാർത്ഥികൾക്ക് സിംഗിൾ മേജർ പാത് വേ തെരഞ്ഞെടുക്കാവുന്നതാണ്.

**മേജർ വിത്ത് സിംഗിൾ മൈനർ പാത് വേ**

മൂന്നു വർഷ ബിരുദത്തിൽ മൈനർ പഠനത്തിന് ആവശ്യമായ 24 ക്രെഡിറ്റ് അല്ലെങ്കിൽ 6 പാത് വേ കോഴ്സുകൾ (ഓണേഴ്സ് ബിരുദത്തിൽ മൈനർ പഠനത്തിന് ആവശ്യമായ 36 ക്രെഡിറ്റ് അല്ലെങ്കിൽ 9 പാത് വേ കോഴ്സുകൾ) എന്നിവ സ്വന്തം മേജർ വിഷയത്തിന് പുറത്തുള്ള, താൽപര്യമുള്ള ഏതെങ്കിലും ഒരു വിഷയത്തിൽ നിന്നു മാത്രം ആർജ്ജിക്കാൻ ഉദ്ദേശിക്കുന്ന വിദ്യാർത്ഥികൾ മേജർ വിത്ത് സിംഗിൾ മൈനർ പാത് വേ ആണ് തെരഞ്ഞെടുക്കേണ്ടത്.

ഉദാഹരണമായി ഫിസിക്സ് മേജർ എടുക്കാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥി മൈനർ പഠനത്തിന് ലഭ്യമായ 6 പാത് വേ/9 പാത് വേ കോഴ്സുകളിൽ ഭൂരിഭാഗവും കെമിസ്ട്രിയിൽ നിന്നോ, അല്ലെങ്കിൽ കമ്പ്യൂട്ടർ സയൻസിൽ നിന്നോ, അല്ലെങ്കിൽ ഇംഗ്ലീഷിൽ നിന്നോ എടുത്താൽ ആ വിദ്യാർത്ഥികൾക്ക് അതാത് വിഷയങ്ങളിൽ ഫിസിക്സ് മേജറിനോടൊപ്പം മൈനർ ലഭിക്കും; ഫിസിക്സ് വിത്ത് കെമിസ്ട്രി മൈനർ, ഫിസിക്സ് വിത്ത് ഇംഗ്ലീഷ് മൈനർ മുതലായവ.

**മേജർ വിത്ത് മൾട്ടിപ്പിൾ മൈനർ പാത് വേ**

മൂന്നു വർഷ ബിരുദത്തിൽ മൈനർ പഠനത്തിന് ലഭ്യമായ 24 ക്രെഡിറ്റ് അല്ലെങ്കിൽ 6 പാത് വേ കോഴ്സുകൾ (ഓണേഴ്സ് ബിരുദത്തിൽ മൈനർ പഠനത്തിന് ലഭ്യമായ 36 ക്രെഡിറ്റ് അല്ലെങ്കിൽ 9 പാത് വേ കോഴ്സുകൾ) എന്നിവ ഓരോ വിഷയത്തിലും ചുരുങ്ങിയത് 12 ക്രെഡിറ്റ് (3 പാത് വേ കോഴ്സ്) എന്ന രീതിയിൽ ക്രമീകരിച്ചാൽ ആ വിഷയത്തിൽ ഒരു മൈനർ പാത് വേ വിദ്യാർത്ഥികൾക്ക് ലഭിക്കും. ഇത്തരത്തിൽ കൂടുതൽ വിഷയങ്ങളിൽ മൈനർ പഠനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ മേജർ വിത്ത് മൾട്ടിപ്പിൾ മൈനർ പാത് വേ തെരഞ്ഞെടുക്കേണ്ടതാണ്.

ഉദാഹരണമായി, നാലുവർഷ ഫിസിക്സ് ഓണേഴ്സ് ബിരുദത്തിന്റെ ഭാഗമായി ഒരു വിദ്യാർത്ഥി 12 ക്രെഡിറ്റ് ഇംഗ്ലീഷിൽ നിന്നും 12 ക്രെഡിറ്റ് മാത്തമാറ്റിക്സിലും 12 ക്രെഡിറ്റ് പാശ്ചാത്യ സംഗീതത്തിലും നേടിയാൽ ആ വിദ്യാർത്ഥിക്ക് ഫിസിക്സ് മേജറിനോടൊപ്പം ഇംഗ്ലീഷ്, മാത്തമാറ്റിക്സ്, പാശ്ചാത്യ സംഗീതം എന്നിവയിൽ മൈനർ പാത് വേകളും ലഭിക്കും.

**ഇന്റർ ഡിസിപ്ലിനറി മൾട്ടി ഡിസിപ്ലിനറി പാത് വേകൾ**

ഒന്നിലധികം പ്രോഗ്രാമുകളെ അനുയോജ്യമായ രീതിയിൽ സംയോജിപ്പിച്ച് നടത്തുന്ന പ്രോഗ്രാമുകൾ ആണ് പൊതുവേ ഇന്റർ ഡിസിപ്ലിനറി/മൾട്ടി ഡിസിപ്ലിനറി പ്രോഗ്രാമുകൾ. ബയോടെക്നോളജി, ഡാറ്റാ സയൻസ്, ഹോട്ടൽ മാനേജ്മെന്റ്, ഫാഷൻ ഡിസൈൻ, ലൈഫ് സയൻസ്, നാനോ ടെക്നോളജി, എക്കണോമെട്രിക്സ് തുടങ്ങിയ പ്രോഗ്രാമുകൾ വിവിധ മേജർ പ്രോഗ്രാമുകളുടെ യുക്തിസഹമായ സംയോജനം കൊണ്ട് രൂപകല്പന ചെയ്യാവുന്നതാണ്.

ഉദാഹരണമായി, കമ്പ്യൂട്ടർ ആപ്ലിക്കേഷൻ പ്രോഗ്രാമും സ്റ്റാറ്റിസ്റ്റിക്സ് പ്രോഗ്രാമും ഉചിതമായി സംയോജിപ്പിച്ച് ഡാറ്റാ സയൻസ് പ്രോഗ്രാമും, ഇക്കണോമിക്സ്, മാത്തമാറ്റിക്സ്, സ്റ്റാറ്റിസ്റ്റിക്സ് പ്രോഗ്രാമുകളെ ഉചിതമായി സംയോജിപ്പിച്ച് എക്കണോമെട്രിക്സ് പ്രോഗ്രാമും രൂപകൽപന ചെയ്യാവുന്നതാണ്. ഇത്തരത്തിലുള്ള വിവിധ പ്രോഗ്രാമുകൾക്ക് അനുയോജ്യമായ പാത് വേകളാണ് ഇന്റർ ഡിസിപ്ലിനറി/മൾട്ടി ഡിസിപ്ലിനറി പാത് വേകൾ.

ഇത്തരം പ്രോഗ്രാമുകളിൽ, ഉദാഹരണമായി, മൂന്നു വർഷ ബിരുദത്തിനായി പൂർത്തിയാക്കേണ്ട 23 പാത് വേ കോഴ്സുകൾ അതിൽ ഉൾപ്പെട്ടിട്ടുള്ള വിവിധ പ്രോഗ്രാമുകളിൽ നിന്ന് പൂർത്തീകരിച്ചിരിക്കണം. ഉദാഹരണമായി, ഡാറ്റാ സയൻസ് ബിരുദം നേടുന്ന വിദ്യാർത്ഥി 13 പാത് വേ കോഴ്സുകൾ കമ്പ്യൂട്ടർ ആപ്ലിക്കേഷനിൽ നിന്നും 10 കോഴ്സുകൾ സ്റ്റാറ്റിസ്റ്റിക്സിൽ നിന്നുമായിരിക്കും ഒരു പക്ഷേ പൂർത്തിയാക്കേണ്ടി വരിക. എക്കണോമെട്രിക്സ് ബിരുദം നേടുന്ന വിദ്യാർത്ഥി 13 പാത് വേ കോഴ്സുകൾ ഇക്കണോമിക്സിൽ നിന്നും 5 കോഴ്സുകൾ മാത്തമാറ്റിക്സിൽ നിന്നും 5 കോഴ്സുകൾ സ്റ്റാറ്റിസ്റ്റിക്സിൽ നിന്നും ആയിരിക്കും ഒരു പക്ഷെ പൂർത്തിയാക്കേണ്ടിവരിക.

**മേജർ വിത്ത് വൊക്കേഷണൽ മൈനർ**

നാലുവർഷ ബിരുദ പ്രോഗ്രാമിൽ ഉന്നത വിദ്യാഭ്യാസത്തിലേക്ക് നൈപുണ്യത്തെ സമന്വയിപ്പിക്കുന്നതിനുള്ള പദ്ധതിയുടെ ഭാഗമായി വിദ്യാർത്ഥികൾക്ക് ഹ്രസ്വകാല വ്യവസായ സംബന്ധിയായ കോഴ്സുകൾ പഠിക്കുന്നതിനുള്ള അവസരം ഒരുക്കിയിട്ടുണ്ട്. ഇത്തരത്തിൽ പഠിക്കുന്ന തൊഴിൽ സാധ്യതയുള്ള കോഴ്സുകൾ മൈനർ പാത് വേയുടെ ഭാഗമാക്കാനും സാധിക്കും. ഉദാഹരണത്തിന്,

ഫിസിക്സിനോടൊപ്പം ഡേറ്റാ അനലിറ്റിക്സ്, കൊമേഴ്സിനോടൊപ്പം ഫിനാൻഷ്യൽ ടെക്നോളജി, കമ്പ്യൂട്ടർ സയൻസിനോടൊപ്പം ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ഇംഗ്ലീഷിനോടൊപ്പം ഡിജിറ്റൽ മീഡിയ തുടങ്ങി നിരവധി തൊഴിലധിഷ്ഠിത മൈനർ കോഴ്സുകൾ തെരഞ്ഞെടുക്കാവുന്നതാണ്. പഠിക്കുന്ന കോളേജിൽ അത്തരം കോഴ്സുകൾ ലഭ്യമല്ലെങ്കിൽ മറ്റ് അംഗീകൃത സ്ഥാപനങ്ങളുടെ നൈപുണ്യ വികസന കേന്ദ്രങ്ങളിൽ നിന്ന് നേരിട്ടോ ഓൺലൈനായോ വിദ്യാർത്ഥിക്ക് വൊക്കേഷണൽ കോഴ്സുകൾ തെരഞ്ഞെടുത്ത് പഠിക്കാം.

**ഡബിൾ മേജർ പാത് വേ**

രണ്ട് പ്രധാന വിഷയങ്ങൾ ആഴത്തിൽ പഠിക്കുന്നതിന് താൽപര്യമുള്ള വിദ്യാർത്ഥികൾക്ക് സ്വീകരിക്കാവുന്ന പാത് വേ ആണിത്. ഡബിൾ മേജർ ബിരുദം ലഭിക്കണമെങ്കിൽ ആദ്യ വിഷയത്തിൽ മൊത്തം ക്രെഡിറ്റിന്റെ 50% വും രണ്ടാമത്തെ വിഷയത്തിൽ മൊത്തം ക്രെഡിറ്റിന്റെ 40%വും നേടണം. ബാക്കി വരുന്ന 10% ക്രെഡിറ്റുകൾ എബിലിറ്റി എൻഹാൻസ്മെന്റ് കോഴ്സുകൾ (AEC) വഴി പൂർത്തീകരിക്കണം. ബഹു വൈജ്ഞാനിക കോഴ്സുകൾ (MDC), വാല്യു അഡ്മിഷൻ കോഴ്സുകൾ (VAC), നൈപുണ്യ വികസന കോഴ്സുകൾ (SEC) എന്നിവ താല്പര്യമുണ്ടെങ്കിൽ നോൺ ക്രെഡിറ്റ് കോഴ്സുകളായി പൂർത്തീകരിക്കാനുള്ള അവസരവും വിദ്യാർത്ഥികൾക്ക് ലഭ്യമാകും.

**മേജർ പ്രോഗ്രാം ഇടയ്ക്ക് വെച്ചു മാറ്റുന്നത്**

ആദ്യ രണ്ടു സെമസ്റ്ററുകളിൽ ഡിസിപ്ലിൻ സ്പെസിഫിക് ഫൗണ്ടേഷൻ കോഴ്സുകളിൽ പഠിച്ച വിഷയങ്ങളോ ജനറൽ ഫൗണ്ടേഷൻ കോഴ്സുകളുടെ ഭാഗമായി പഠിച്ച ബഹു വൈജ്ഞാനിക കോഴ്സുകൾ നടത്തിയ വകുപ്പുകളുടെ ഭാഗമായ വിഷയങ്ങളോ വിദ്യാർത്ഥികൾക്ക് ആഴത്തിലുള്ള പഠനത്തിനായുള്ള മേജർ/മൈനർ വിഷയങ്ങളായി തെരഞ്ഞെടുക്കാൻ സാധിക്കും. ഈ ഘട്ടത്തിൽ ആദ്യം അഡ്മിഷൻ നേടിയ പ്രോഗ്രാം മാറി (Major Change) മേൽ സൂചിപ്പിച്ച പ്രോഗ്രാമുകളിൽ താൽപര്യമുള്ള പ്രോഗ്രാം മേജർ വിഷയമായി സ്വീകരിക്കാനും വിദ്യാർത്ഥികൾക്കവസരമുണ്ട്.

നാലു വർഷ ബിരുദ പ്രോഗ്രാമിന് പ്രവേശനം നേടിയ എല്ലാ വിദ്യാർത്ഥികളും പ്രവേശനം നേടിയ വിഷയത്തിന് പുറത്തുള്ള രണ്ടോ അതിലധികമോ വിഷയങ്ങളിൽ

നിന്നായി ഫൗണ്ടേഷൻ ലെവലിലുള്ള 6 ഡിസിപ്ലിൻ സ്പെസിഫിക് പാത് വേ കോഴ്സുകൾ ആദ്യ രണ്ടു സെമസ്റ്ററുകളിലായി പൂർത്തീകരിച്ചിരിക്കണം. ഇതിന് പുറമേ ജനറൽ ഫൗണ്ടേഷൻ കോഴ്സുകളുടെ ഭാഗമായി രണ്ട് വ്യത്യസ്ത വിഷയ മേഖലകളിൽ നിന്നും ഓരോ ബഹു വൈജ്ഞാനിക കോഴ്സുകൾ വീതവും പൂർത്തീകരിക്കേണ്ടതുണ്ട്. ഇതിൽ 2 ഡിസിപ്ലിൻ സ്പെസിഫിക് പാത് വേ കോഴ്സുകൾ നിർബന്ധമായും പ്രവേശനം നേടിയ വിഷയത്തിൽ നിന്നുമായിരിക്കും. ഇതു വഴി പ്രവേശനം നേടിയ വിഷയത്തിൽ 8 ക്രെഡിറ്റ് ഒരു വിദ്യാർത്ഥി ആർജ്ജിച്ചിരിക്കും. ബാക്കിയുള്ള 4 ഡിസിപ്ലിൻ സ്പെസിഫിക് പാത് വേ കോഴ്സുകൾ വഴി ചുരുങ്ങിയത് രണ്ടു വിഷയങ്ങളിൽ 8 ക്രെഡിറ്റ് വീതവും അല്ലെങ്കിൽ പരമാവധി നാലു വിഷയങ്ങളിൽ നിന്നായി 4 ക്രെഡിറ്റ് വീതവും ഒരു വിദ്യാർത്ഥി ആർജ്ജിക്കേണ്ടതായിട്ടുണ്ട്.

ഇത്തരത്തിൽ ആദ്യ രണ്ട് സെമസ്റ്ററിൽ ഡിസിപ്ലിൻ സ്പെസിഫിക് പാത് വേ കോഴ്സുകൾ പഠിച്ച വിഷയത്തിലേക്കോ ബഹു വൈജ്ഞാനിക കോഴ്സുകൾ പഠിച്ച വിഷയത്തിലേക്കോ ഒരു വിദ്യാർത്ഥിക്ക് മേജർ മാറ്റാവുന്നതാണ്.

ഉദാഹരണമായി, കെമിസ്ട്രി പ്രോഗ്രാമിന് ജോയിൻ ചെയ്ത വിദ്യാർത്ഥി ആദ്യ രണ്ടു സെമസ്റ്ററുകൾ പൂർത്തിയാക്കുമ്പോൾ കെമിസ്ട്രിയിൽ 8 ക്രെഡിറ്റും ഫിസിക്സിൽ 8 ക്രെഡിറ്റും മാത്തമാറ്റിക്സിൽ 4 ക്രെഡിറ്റും സുവോളജിയിൽ 4 ക്രെഡിറ്റും നേടിയ ശേഷം സുവോളജി മേജർ വിഷയം ആയി തുടർ പഠനം നടത്താനാഗ്രഹിച്ചാൽ അതിനുള്ള അവസരമുണ്ട്. ഈ വിദ്യാർത്ഥി മൂന്നാം സെമസ്റ്ററിൽ സുവോളജി മേജർ പ്രോഗ്രാമിലേക്ക് മാറുമ്പോൾ സുവോളജി വിഷയത്തിൽ നിന്ന് 4 ക്രെഡിറ്റുകളാണ് ആർജ്ജിച്ചിട്ടുണ്ടാകുക. എന്നാൽ മൈനർ പാത് വേയുടെ ഭാഗമായി മറ്റു വിഷയങ്ങളിൽ നിന്ന് 20 ക്രെഡിറ്റ് പൂർത്തീകരിച്ചിട്ടുമുണ്ട്. ഈ സാഹചര്യത്തിൽ മൂന്നാം സെമസ്റ്ററിൽ ഈ വിദ്യാർത്ഥി പൂർത്തീകരിക്കേണ്ട മൂന്നു ഡിസിപ്ലിൻ സ്പെസിഫിക് പാത് വേ കോഴ്സുകളിൽ രണ്ടെണ്ണം സുവോളജി വിഷയത്തിലും ഒരെണ്ണം താൽപര്യമുള്ള മൈനർ വിഷയത്തിലും പൂർത്തീകരിക്കണം.

ഇതേ വിദ്യാർത്ഥി ഡിസിപ്ലിൻ സ്പെസിഫിക് പാത് വേ കോഴ്സുകൾ പഠിച്ച വിഷയത്തിന് പകരം ബഹു. വൈജ്ഞാനിക കോഴ്സായി പഠിച്ച പൊളിറ്റിക്കൽ സയൻസ് വിഷയത്തിലേക്ക് മേജർ മാറ്റാനാഗ്രഹിച്ചാൽ അതിനുള്ള അവസരവും നാലുവർഷ ബിരുദ കരിക്കുലം നൽകുന്നുണ്ട്. ഈ വിദ്യാർത്ഥി ആദ്യ രണ്ടു സെമസ്റ്ററുകൾ പൂർത്തിയാക്കുമ്പോൾ കെമിസ്ട്രിയിൽ 8 ക്രെഡിറ്റും ഫിസിക്സിൽ 8

ക്രെഡിറ്റും മാത്തമാറ്റിക്സിൽ 4 ക്രെഡിറ്റും സുവോളജിയിൽ 4 ക്രെഡിറ്റും ഡിസിപ്ലിൻ സ്പെസിഫിക് പാത് വേ കോഴ്സുകൾ വഴി ആർജ്ജിച്ചിട്ടുണ്ട്. കൂടാതെ പൊളിറ്റിക്കൽ സയൻസ് വിഷയത്തിൽ 3 ക്രെഡിറ്റിന്റെ ഒരു ബഹു വൈജ്ഞാനിക കോഴ്സും ഫൗണ്ടേഷൻ കോഴ്സുകളുടെ ഭാഗമായി പൂർത്തീകരിച്ചിട്ടുണ്ട്. ഈ വിദ്യാർത്ഥി മൂന്നാം സെമസ്റ്ററിൽ പൊളിറ്റിക്കൽ സയൻസ് മേജർ പ്രോഗ്രാമിലേക്ക് മാറുമ്പോൾ പൊളിറ്റിക്കൽ സയൻസ് വിഷയത്തിൽ ഡിസിപ്ലിൻ സ്പെസിഫിക് പാത് വേ കോഴ്സുകൾ വഴി ക്രെഡിറ്റുകൾ ഒന്നും ആർജ്ജിച്ചിട്ടുണ്ടാവില്ല. എന്നാൽ മൈനർ പാത് വേയുടെ ഭാഗമായി മറ്റ് വിഷയങ്ങളിൽ നിന്ന് 24 ക്രെഡിറ്റ് പൂർത്തീകരിച്ചിട്ടും ഉണ്ട്. ഈ സാഹചര്യത്തിൽ മൂന്നാം സെമസ്റ്റർ മുതൽ ഈ വിദ്യാർത്ഥിക്ക് പൂർത്തീകരിക്കേണ്ട ഡിസിപ്ലിൻ സ്പെസിഫിക് പാത് വേ കോഴ്സുകൾ എല്ലാം പൊളിറ്റിക്കൽ സയൻസ് വിഷയത്തിൽ നിന്ന് പൂർത്തീകരിച്ച് പൊളിറ്റിക്കൽ സയൻസ് വിഷയത്തിൽ സിംഗിൾ മേജർ ഡിഗ്രി മൂന്നുവർഷം കൊണ്ട് നേടാവുന്നതാണ്. ഇത്തരത്തിൽ താൻ പഠിച്ച ബഹു വൈജ്ഞാനിക കോഴ്സുകളിലേക്ക് മേജർ മാറ്റുന്ന വിദ്യാർത്ഥികൾക്ക് മൂന്നു വർഷ ബിരുദമാണ് സ്വീകരിക്കുന്നതെങ്കിൽ സിംഗിൾ മേജർ പാത് വേ ആയിരിക്കും സ്വീകരിക്കാൻ സാധിക്കുക. എന്നാൽ നാലു വർഷ ഓണേഴ്സ് ബിരുദത്തിൽ മൾട്ടിപ്പിൾ മൈനർ പാത് വേ സ്വീകരിക്കാനുള്ള അവസരവും ലഭിക്കും.

**നൈപുണ്യ വികസനം**

ഉന്നത വിദ്യാഭ്യാസ മേഖലയിലെ നൈപുണ്യ വിടവ് നികത്തുന്നതിനും ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഹ്രസ്വകാല വ്യവസായ സംബന്ധിയായ കോഴ്സുകൾ ആരംഭിക്കുന്നതിനും എല്ലാ തലങ്ങളിലെയും ഉന്നത വിദ്യാഭ്യാസത്തിലേക്ക് നൈപുണ്യത്തെ സമന്വയിപ്പിക്കുന്നതിനുമുള്ള നടപടികളുടെ ഭാഗമായി എല്ലാ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലും നൈപുണ്യ വികസന കോഴ്സുകളും കരിയർ പ്ലാനിംഗും നടത്തുന്നതിനായി Centre for Skill Development Courses and Career Planning (CSDCCP) എന്നൊരു കേന്ദ്രം സ്വയം പര്യാപ്ത രീതിയിൽ ആരംഭിക്കും. ഈ കേന്ദ്രങ്ങൾ വാഗ്ദാനം ചെയ്യുന്ന കോഴ്സുകൾ നിർദ്ദിഷ്ട പ്രാദേശിക/വ്യവസായ ആവശ്യങ്ങൾ നിറവേറ്റുന്നതോടൊപ്പം സാധാരണ വിദ്യാർത്ഥികൾക്കും പൂർവ്വ വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കും ആവശ്യമായ വിവിധ തലത്തിലുള്ള നൈപുണി വികസനത്തിനും (skilling, up skilling, reskilling) പ്രത്യേക തൊഴിൽ പരിശീലനത്തിനും സഹായകരമാവുകയും ഇതുവഴി സംസ്ഥാനത്തിന്റെ

മൊത്തത്തിലുള്ള ഉന്നത വിദ്യാഭ്യാസ പരിത സ്ഥിതിക്കും വിദഗ്ദ്ധ പ്രൊഫഷണലുകളുടെ വികസനത്തിനും സഹായകമാവുകയും ചെയ്യും. അക്കാദമിക് സൂക്ഷ്മതയ്ക്കൊപ്പം നൈപുണ്യ വികസനം ഉറപ്പാക്കുന്നതിന് FYUG പ്രോഗ്രാമുകളുടെ മൈനർകോഴ്സുകൾക്ക് പകരമായി ഈ ഹ്രസ്വകാല നൈപുണ്യ വികസന കോഴ്സുകളിലൂടെ നേടിയ ക്രെഡിറ്റുകൾ ഉപയോഗിക്കാൻ വിദ്യാർത്ഥികൾക്ക് അവസരം ലഭിക്കും.

**ഇന്റേൺഷിപ്പ്**

നാലുവർഷ ബിരുദ പ്രോഗ്രാമിന്റെ ഭാഗമായി എല്ലാ വിദ്യാർത്ഥികൾക്കും രണ്ടു ക്രെഡിറ്റിന്റെ ഇന്റേൺഷിപ്പ് നിർബന്ധമാണ്. വിദ്യാർത്ഥികൾക്ക് ഇന്റേൺഷിപ്പ് ചെയ്യാവുന്ന വിവിധ സ്ഥാപനങ്ങളുടെ വിപുലമായ ഒരു ലിസ്റ്റ് സർക്കാർ തലത്തിൽ തയ്യാറാക്കും. അതോടൊപ്പം നാലു വർഷ ഓണേഴ്സ് പ്രോഗ്രാമിന്റെ ഭാഗമായും വിദ്യാർത്ഥികൾക്ക് ഒരു സെമസ്റ്റർ ഇൻഡസ്ട്രി ഇന്റേൺഷിപ്പ്/പ്രോജക്ട് ചെയ്യാനുള്ള അവസരമുണ്ട്. ഇന്ത്യക്കകത്തും പുറത്തുമുള്ള ഏതൊരു സ്ഥാപനത്തിലും ഇന്റേൺഷിപ്പ്/ പ്രോജക്ട് ചെയ്യാനുള്ള അവസരം പുതിയ കരിക്കുലത്തിലുണ്ട്.

**ഓണേഴ്സ് ബിരുദം നൽകുന്ന അധിക സാദ്ധ്യതകൾ**

നാലു വർഷത്തെ ഓണേഴ്സ് ബിരുദ പഠനം വിദ്യാർത്ഥികൾക്ക് നിരവധി സാധ്യതകൾ നൽകുന്നുണ്ട്. ആവശ്യമെങ്കിൽ ഓണേഴ്സ് ബിരുദം നേടി പഠനം അവസാനിപ്പിക്കാം. അല്ലെങ്കിൽ അതിന്റെ കൂടെ ഗവേഷണം കൂടി ചേർത്ത്, ഓണേഴ്സ് വിത്ത് റിസർച്ച് എന്ന യോഗ്യത നേടാം. അതോടെ നേരെ ഗവേഷണത്തിന് ചേരാനുള്ള സാധ്യത തെളിയുന്നു. ഇത്രയും കാലം ബിരുദാനന്തര ബിരുദം കഴിഞ്ഞ് യൂണിവേഴ്സിറ്റിയുടെ പ്രവേശന യോഗ്യതകൾ സമ്പാദിച്ചാൽ മാത്രമേ ഗവേഷരാകാൻ കഴിഞ്ഞിരുന്നുള്ളൂ. ഉന്നത വിദ്യാഭ്യാസത്തിന്റെ ഉയർന്ന തലങ്ങളിലേക്ക് പോകേണ്ടവർക്ക് ഒരു വർഷം ലാഭിക്കാൻ സാധിക്കും. നാലു വർഷ ഓണേഴ്സ് ബിരുദം നേടിയവർക്കും ഒരു വർഷം കൊണ്ട് പി.ജി പഠനം പൂർത്തിയാക്കാൻ സാധിക്കും. മേജർ വിഷയത്തിലും മൈനർ വിഷയത്തിലും പി.ജി പഠനം പൂർത്തിയാക്കാൻ സാധിക്കും.




**Table 1**ബിരുദ പ്രോഗ്രാമുകളുടെ ക്രെഡിറ്റ് ഘടന

| SI No | Categorization of Courses for all programmes | Minimum number of courses/credits required | | | |
|---|---|---|---|---|---|
| | | 3 year UG | No Of Courses | 4 year UG | No Of Courses |
| 1 | Major (Core) | 68 | 17 | 88 | 22 |
| 2 | Minor | 24 | 6 | 36 | 9 |
| 3 | Multi-disciplinary | 9 | 3 | 9 | 3 |
| 4 | Skill Enhancement Courses (SEC) | 9 | 3 | 9 | 3 |
| 5 | Ability Enhancement Courses (AEC) | 12 | 4 | 12 | 4 |
| 6 | Summer Internship ,field based learning | 2 | | 2 | |
| 7 | Research Project / Dissertation | | | 12 | 3* |
| | Total Credit | 133 | 36 | 177 | 44/47 |

നാലു വർഷ ബിരുദ പ്രോഗ്രാമിലെ അക്കാഡമിക് പാത് വേകൾക്കായി വിവിധ തലത്തിൽ ഉള്ള കോഴ്സ് ബാസ്ക്കറ്റുകളിൽ നിന്ന് വിദ്യാർത്ഥി പൂർത്തിയാക്കേണ്ട പാത് വേ കോഴ്സുകൾ

| Level of Courses | Major | 2nd Major | Single Minor | Minor Pathway |
|---|---|---|---|---|
| Level 100 | 2 | 2 | 2 | 2 |
| Level 200 | 6 | 6 | 4 | 1 |
| Level 300 | 9 | 6 | 3 | |
| Level 400 | 5* | | | |
| Total course for 3year | 17 | | | |
| Total course for 4 year | 22* | 14 | 9 | 3 |

* two online courses

**The Kerala State Higher Education Council**

Science and Technology Museum Campus
Vikas Bhavan P.O. Thiruvananthapuram-695033,
Kerala,India Phone: 0471 2301292
Fax: 0471 2301290
Email: heckerala@gmail.com